**കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ**

കെ പി എഫ് സി ഭവനം, സി. വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം,
തിരുവനന്തപുരം, കേരളം, പിൻ 695010.

ഫോൺ: 0471 273 5544, ഫാക്സ്: 0471 273 5599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org

തിരുവനന്തപുരം **പത്രക്കുറിപ്പ്** 2015 നവംബർ 25

## 2003-ലെ വൈദ്യുതി ആക്റ്റ് (കേന്ദ്ര ആക്റ്റ്) 130-ാം വകുപ്പു പ്രകാരം പുറപ്പെടുവിക്കുന്ന പൊതുനോട്ടീസ്

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിയന്ത്രണത്തിലുള്ള ലൈസൻസികളിലൊന്നായ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് അവരുടെ ലൈസൻസിങ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്, വിതരണ ശൃംഖലയുടെ ശേഷി വർധിപ്പിക്കുന്നതിന് വേണ്ടി വരുന്ന ചെലവ് ഉപഭോക്താക്കളിൽ നിന്നും നേരിട്ട് ഈടാക്കുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഇത്, കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ 35ന്റെയും ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ 42-ഉം 46-ഉം വകുപ്പുകളുടെയും ലംഘനമാണ്. അതു കൊണ്ട്, 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിലെ 129-ാം വകുപ്പനുസരിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് പ്രസ്തുത റഗുലേഷനും വകുപ്പുകളും കർശനമായി പാലിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകാൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചിരിക്കുന്നു. അതനുസരിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് നൽകിയ നോട്ടീസിന്റെ പകർപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇക്കാര്യത്തിൽ, പൊതുജനങ്ങൾക്കുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും 15 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ പി എഫ് സി ഭവനം, സി. വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്.

**സെക്രട്ടറി**